"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - **2025** ഏപ്രിൽ **8, 9** തീയതികളിൽ ഗോവ യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടന്ന ദേശീയ സെമിനാറിൽ പങ്കെടുത്തതിനും, ആയതിലേയ്ക്കായി വിമാനയാത്ര നടത്തിയതിനും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ശ്രീ ശ്രീകുമാർ ബി യ്ക്ക് എക്സ് പോസ്റ്റ് ഫാക്ടോ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**184/2025/P&EA** തീയതി,തിരുവനന്തപുരം, **27-04-2025**

---

പരാമർശം:- **1.** സ.ഉ.(സാധാ)നം.**146/2025/**പി&ഇഎ തീയതി **02.04.2025**

**2.** സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ **02.04.2025, 22.04.2025** എന്നീ തീയതികളിലെ ഡിഇഎസ്/**1588/2025**-പിഎൽ**(2)** നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

**2025** ഏപ്രിൽ **5** ന് ന്യൂഡൽഹി വിജ്ഞാൻ ഭവനിൽ നടക്കുന്ന സ്റ്റേറ്റ് മിനിസ്റ്റേഴ്സ് കോൺഫറൻസിൽ കേരളത്തെ പ്രതിനിധീകരിച്ച് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കൊപ്പം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറും പങ്കെടുക്കുന്നതിന് പരാമർശം **1** പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. ഡൽഹി വിജ്ഞാൻ ഭവനിൽ വച്ച് നടക്കുന്ന സ്റ്റേറ്റ് മിനിസ്റ്റേഴ്സ് കോൺഫറൻസിൽ പങ്കെടുത്തതിനു ശേഷം , **Ministry of Statistics and Programme Implementation (MoSPI)** പ്രസിദ്ധീകരിച്ച വിവിധ സർവ്വേ റിപ്പോർട്ടുകളെ സംബന്ധിച്ച് ചർച്ചയും അവലോകനവും നടത്തുന്നതിനായി **2025** ഏപ്രിൽ **8, 9** തീയതികളിൽ ഗോവ യൂണിവേഴ്സിറ്റി ക്യംമ്പസ്സിൽ വെച്ച് സംഘടിപ്പിയ്ക്കുന്ന **18**-ാമത് സെമിനാറിൽ പങ്കെടുക്കുന്നതിനായി ന്യൂഡൽഹിയിൽ നിന്നും നേരിട്ട് ഗോവയിലേയ്ക്കും അവിടെ നിന്നും തിരികെ തിരുവനന്തപുരത്തേയ്ക്കും

വിമാനയാത്ര നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 കത്ത് മുഖേന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 ഏപ്രിൽ 5ന് ന്യൂഡൽഹി വിജ്ഞാൻ ഭവനിൽ വെച്ച് നടന്ന സ്റ്റേറ്റ് മിനിസ്റ്റേഴ്സ് കോൺഫറൻസിൽ പങ്കെടുത്തതിനു ശേഷം നേരിട്ട് ഗോവയിലേയ്ക്ക് യാത്ര ചെയ്ത് 2025 ഏപ്രിൽ 8, 9 തീയതികളിലെ 18-ാമത് ദേശീയ സെമിനാറിൽ പങ്കെടുത്തതിനും ആയതിലേയ്ക്കായി ന്യൂഡൽഹിയിൽ നിന്നും ഗോവയിലേയ്ക്കും തിരികെ തിരുവനന്തപുരത്തേയ്ക്കും വിമാനയാത്ര നടത്തിയതിനും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർക്ക് എക്സ് പോസ്റ്റ് ഫാക്ടോ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത യാത്രാ ചെലവ് 3454-02-112-99-00-04-01 BES (NP) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മനോജ് കെ എസ്

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.

2. ശ്രീ.ശ്രീകുമാർ ബി., ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.(സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ മുഖേന)

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

4.ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).

5. കരുതൽ ഫയൽ / ഓഫീസ് കോപ്പി.(File No.: PLGEA-B3/57/2025-PLGEA-Part(1)

ഉത്തരവിൻ പ്രകാരം

Signed by

Sajith T

സെക്ഷൻ ഓഫീസർ

Date: 28-04-2025 10:51:58